**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2315** **21-06-2024 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2023-24 സാമ്പത്തിക വർഷത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയ ഇലഞ്ഞിക്കാപ്പിള്ളി-മംഗലത്തുനട എൽ. പി. സ്കൂൾ റോഡിന്റെയും കോട്ടൂർ-പുതുക്ക-വണ്ടിപ്പേട്ട റോഡിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ? | (എ) | ഇലഞ്ഞിക്കാപ്പിള്ളി-മംഗലത്തുനട എൽ.പി സ്കൂൾ റോഡ് എന്ന പ്രവൃത്തിക്ക് 2023-24 വർഷം 08.06.2023 ൽ കേന്ദ്രസർക്കാരിൽ നിന്നും ക്ലിയറൻസ് ലഭിച്ചു. പലതവണ e-tender ഉം e-quotation ഉം നടത്തിയെങ്കിലും ആരും പ്രവൃത്തി ഏറ്റെടുക്കാതിരുന്നതിനാൽ അന്തിമമായി ഒരു പ്രാവശ്യം കൂടി e-quotation ക്ഷണിച്ചപ്പോൾ 22.59% കൂടിയ (above estimate rate) നിരക്കിൽ കരാറുകാരൻ ക്വാട്ട് ചെയ്തതിനാൽ പ്രസ്തുത എസ്റ്റിമേറ്റ് rework ചെയ്യുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കോട്ടൂർ പുതുക്ക-വണ്ടിപ്പേട്ട റോഡിന്റെ ഇനിഷ്യൽ ലെവൽ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത റോഡിന്റെ ആകെ നീളം 9.301 കി.മീ ആണ്. ആയതിൽ 3.932 കി.മീ നീളത്തിൽ ജലജീവൻ മിഷൻ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. എന്നാൽ ബാക്കി ഭാഗത്ത് ജലജീവൻ മിഷൻ പ്രവൃത്തികൾ നടന്നുവരികയാണ്. 2023 നവംബറിൽ പൂർത്തീകരിക്കേണ്ട ജലജീവൻ മിഷൻ പ്രവൃത്തികൾ ഇതുവരെ പൂർത്തിയായിട്ടില്ല. ജലജീവൻ മിഷൻ പ്രവൃത്തികൾ പൂർത്തിയായാലേ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കു. |

സെക്ഷൻ ഓഫീസർ